(ഡി) മലേഷ്യൻ സർക്കാർ ഇത്രയും തുക സഹായ വാഗ്ദാനം നൽകിയിട്ടും സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇത് നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) — (ഇ) മണ്ണാരക്കുളഞ്ഞി മുതൽ പ്ലാപ്പള്ളിവരെയുള്ള 32 കി. മീ. റോഡ്, പ്ലാപ്പള്ളി മുതൽ പമ്പവരെയുള്ള 26 കി. മീ. റോഡ് ഇവ വികസിപ്പിക്കുന്നതിനായുള്ള പണി മലേഷ്യൻ സർക്കാർ കമ്പനി മുഖാന്തിരം കരാറടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനും കേരള പൊതുമരാമത്തുവകുപ്പ് എഞ്ചിനീയർമാർക്ക് ഇതിനാവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വ്യവസ്ഥയുള്ള 125 കോടി രൂപയുടെ ഒരു പദ്ധതി 2001-ൽ തയ്യാറാക്കിയിരുന്നു. പലിശനിരക്കിൽ ഒരു യോജിപ്പിലെത്താൻ സാധിക്കാത്തതിനാൽ തുടർനടപടികൾ എടുത്തിട്ടില്ല. റോഡ് ഫണ്ട് ബോർഡിന്റെ സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണിച്ചുവരുന്നു.

എക്സ്പ്രസ് ഹൈവേ നിർമ്മാണം

44 [3026] *ശ്രീ. വർക്കല കഹാർ:*
,, *സി. പി. മുഹമ്മദ്:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *വി. ഡി. സതീശൻ:*
,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നത് സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥയെന്ത്; അതിന്റെ അലൈൻമെന്റ് തീരുമാനിച്ചുവോ;

(ബി) എക്സ്പ്രസ്സ് ഹൈവേ നിർമ്മാണം സംബന്ധിച്ച് ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനി ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; എക്സ്പ്രസ് ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ്; കൺസൾട്ടൻസി ഫീസിനത്തിൽ ഇതുവരെ എന്തു തുക കൊടുത്തു എന്നറിയിക്കാമോ?

ഉത്തരം

(എ) പ്രാഥമിക പഠനങ്ങളുടെ അടിസ്ഥാനത്തിലെ ഏകദേശ അലൈൻമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിവച്ചെങ്കിലും ചില ഭാഗങ്ങളിൽനിന്നുള്ള എതിർപ്പിനെത്തുടർന്ന് തൽക്കാലം നിറുത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ നിർമ്മാണത്തിനായി കേരള സർക്കാരും ഐ.എൽ. & എഫ്. എസ്. എന്ന സ്ഥാപനവും തുല്യ പങ്കാളിത്തത്തിൽ കേരള ഹൈസ്പീഡ് കോറിഡോർ കമ്പനി എന്ന പേരിൽ ഒരു എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി രൂപീകൃതമായശേഷമാണ് മേൽപ്പറഞ്ഞ രീതിയിൽ ഒരു വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിച്ചത്.

അതിവേഗ പാത നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് ഉണ്ടാക്കുന്നതിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ നിയോഗിച്ചു. ഫീസിനത്തിൽ ആദ്യഗഡുവായി മേൽപ്പറഞ്ഞ സ്ഥാപനത്തിന് നൽകിയ 76,30,290 രൂപ ഉൾപ്പെടെ മൊത്തം 87,01,910 രൂപ ഇതിനായി ചെലവായി.

പി. ഡബ്ല്യു. ഡി. ഏറ്റെടുത്ത റോഡുകളുടെ പരിഷ്കരണ പ്രവർത്തനങ്ങൾ

45 [3027] *ശ്രീ. ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പി. ഡബ്ല്യു. ഡി. 2001-2005 വരെയുള്ള കാലയളവിൽ ഏതെല്ലാം റോഡുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുത്തു;

(ബി) അവയുടെ പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) 2001-2005 കാലയളവിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുണ്ടായിരുന്ന ഒരു റോഡും തന്നെ പൊതുമരാമത്ത് വകുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടില്ല. എന്നാൽ അനുബന്ധമായി ചേർത്തിട്ടുള്ള റോഡുകൾ ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.†

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡുകൾ ഭൗതികമായി ഏറ്റെടുത്തശേഷം ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കുള്ളിൽനിന്നുകൊണ്ട് പരിഷ്കരണ നടപടികൾ ഏറ്റെടുക്കുന്നതാണ്.

കെ. എസ്. ടി. പി. പദ്ധതി പ്രകാരമുള്ള റോഡ് നിർമ്മാണം

46 [3028] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*
,, *എം. മുരളി:*
,, *കെ. ബാബു:*
,, *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly